

## പല്ലവി

ആശ്വാസമെ എനിക്കേറെ തിങ്ങീടുന്നു
വിശ്വാസക്കണ്ണാൽ ഞാൻ നോക്കീടുമ്പോൾ

## അനുപല്ലവി

സ്നേഹമേറീടുമെൻ രക്ഷകൻ സന്നിധൗ
ആനന്ദകൂട്ടരെ കാണുന്നല്ലോ

## ചരണങ്ങൾ

ആമോദത്താൽ തിങ്ങി ആശ്ചര്യമോടവർ
ചുറ്റും നിന്നു സ്തുതി ചെയ്തീടുന്നു
തങ്കത്തിരുമുഖം കാണാൻ കൊതിച്ചവർ
ഉല്ലാസമോടിതാ നോക്കീടുന്നു

തൻ മക്കളിൻ കണ്ണുനീരെല്ലാം താതൻ താൻ
എന്നേക്കുമായി തുടച്ചതല്ലോ
പൊൻ വീണകൾ ധരിച്ചാമോദ പൂർണരായി
കർത്താവിനെ സ്തുതി ചെയ്യുന്നവർ

കുഞ്ഞാട്ടിന്റെ രക്തം തന്നിൽ തങ്ങൾ അങ്കി
നന്നായ് വെളുപ്പിച്ച കൂട്ടരിവർ
പൂർണവിശുദ്ധരായി തീർന്നവരേശുവിൻ
തങ്കരുധിരത്തിൻ ശക്തിയാലെ



തങ്കക്കിരീടങ്ങൾ  തങ്ങൾ ശിരസ്സിന്മേൽ
വെൺനിലയങ്കി ധരിച്ചോരിവർ
കയ്യിൽ കുരുത്തോല ഏന്തീട്ടവർ സ്തുതി
പാടീട്ടാനന്ദമോടാർത്തീടുന്നു

ചേർന്നീടുമെ വേഗം ഞാനും ആ കൂട്ടത്തിൽ
ശുദ്ധരോടൊന്നിച്ചങ്ങാനന്ദിപ്പാൻ
ലോകം വേണ്ട എനിക്കെന്നും വേണ്ട
എന്റെ നാഥന്റെ സന്നിധൗ ചേർന്നാൽ മതി

കർത്താവേ വിശ്വാസപ്പോരിൽ തോല്ക്കാതെന്നെ
ആവസാനത്തോളം നീ നിർത്തേണമേ
ആകാശമേഘത്തിൽ കാഹള നാദത്തിൽ
അടിയനും നിൻ മുന്നിൽ കാണേണമേ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me